LIBRARY ARCHIVES Kerala Legislative Assembly

ആയതനുസരിച്ച് മത്സ്യവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംരക്ഷിത മേഖലകൾ സ്ഥാപിക്കുക, നശിച്ചുപോയ ആവാസ വ്യവസ്ഥകളെ പുനഃസ്ഥാപിക്കുക എന്നീ ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. ഇത്തരം സംരക്ഷിത മേഖലകളുടെ ഭാഗത്ത് എല്ലാ വിധത്തിലുള്ള മത്സ്യബന്ധന പ്രവർത്തനവും നിരോധിച്ചിട്ടുണ്ട്. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി അഷ്ടമുടി, വേമ്പനാട് കായലുകളിൽ കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന 25 മത്സ്യ സംരക്ഷിത പ്രദേശങ്ങളും 25 കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങളും സൃഷ്ടിച്ചുവരുന്നു.

(ഡി) ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ കണ്ടൽക്കാടുകളുടെ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കണ്ടൽക്കാടുകൾ മത്സ്യത്തിന്റെ പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും ചെമ്മീൻ ഉൾപ്പെടെയുള്ള പലതരത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയ്ക്ക് സ്വതന്ത്രമായി വിഹരിക്കുന്നതിനും അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ പ്രകൃതിക്ഷോഭങ്ങളിൽനിന്നും ഒരു പരിധിവരെ തീരത്തെ സംരക്ഷിക്കുകയും ചെയ്യുന്നു. വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി വേമ്പനാട്, അഷ്ടമുടി കായലുകളുടെ തീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനം

22 (*202) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശരാശരി പ്രതിശീർഷ വരുമാനം സംസ്ഥാനത്തെ ശരാശരി പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമായതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവജനങ്ങളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് പരിപാടിയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന തുടർ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ 'വിദ്യാതീരം' പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര പ്രൊഫഷണൽ കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സിവിൽ സർവ്വീസ്, ബാങ്ക് ടെസ്റ്റ്, പി.എസ്.സി കോച്ചിംഗ് എന്നിവയിൽ 357 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാ തീരം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സാഫ് മുഖേന നടപ്പിലാക്കിവരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന ഫിനിഷിംഗ് സ്കൂൾ, തീരനൈപുണ്യ എന്നീ പദ്ധതി പ്രകാരം ഇതുവരെ 1706 മത്സ്യത്തൊഴിലാളി യുവതികൾക്ക് പരിശീലനം നൽകുകയും ഇതിനായി ആകെ 239.91 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ യുവതികൾക്ക് കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (എൻ.ഐ.ഡബ്ല്യു.എസ്) മുഖേന 900 പേർക്ക് പരിശീലനം നൽകി കടൽ സുരക്ഷാ സ്കാഡുകൾ രൂപീകരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെയിനിംഗ്

കാലാവധി 60 ദിവസമാണ്. ഇവർക്ക് ടൂറിസം, റിസോർട്ടുകൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇന്ത്യയിലും വിദേശത്തും ജോലി സാധ്യതകളുണ്ട്. ഇതുമൂലം മത്സ്യത്തൊഴിലാളി യുവജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സാധിക്കുന്നതാണ്. നിലവിൽ 612 പേരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാമാണ്?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും വിധേയമായിട്ടാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകിവരുന്നു. പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം യഥാസമയം നൽകുന്നതിന് ഇ-ഗ്രാന്റ്സ് സംവിധാനം പ്രയോജനപ്പെടുത്തുന്നു.

(സി) വിദ്യാതീരം പദ്ധതിയിലൂടെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ മികവ് കൈവരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 49 പേർക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം വിദ്യാതീരം പദ്ധതിക്ക് 13 കോടി രൂപയും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കാൻ പദ്ധതി ഇതര ശീർഷകത്തിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly